# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2624

12.03.2018-ന് മറുപടിയ്ക്ക്

## മണക്കാട് ഗേൾസ് ഹയർ സെക്കൻഡറി സ്ക്കൂളിന് അനുവദിച്ച തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ മണക്കാട് ഗേൾസ് ഹയർ സെക്കൻഡറി സ്ക്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിലേയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ കാർത്തിക തിരുനാൾ ഗവ.വൊക്കേഷണൽ & ഹയർ സെക്കൻഡറി സ്ക്കൂൾ ഫോർ ഗേൾസ്, മണക്കാടിനെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ 7.95 കോടി രൂപയുടെ ഭരണാനുമതിയും, 5 കോടി രൂപയുടെ കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിനും അനുമതി ലഭ്യമായിട്ടുണ്ട്. |
| (ബി) | പദ്ധതി നിർവ്വഹിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ചിരുന്ന മാസ്റ്റർ പ്ലാനിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | പദ്ധതി നിർവ്വഹണത്തിനായി സർക്കാരിൽ സമർപ്പിച്ചിരുന്ന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകൃത ഏജൻസിയായ 'കിറ്റ്കോ' തയ്യാറാക്കുകയും ആയത് പ്രകാരം കിഫ്ബി മുഖേനയുള്ള അഞ്ചുകോടി രൂപയുടെ സർക്കാർ ധനസഹായത്തിന് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഡി.പി.ആറിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിനായുള്ള കോൺട്രാക്ടർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ